പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7135 16.07.2012-ലെ മറുപടിക്ക്

**ആർ.എൻ.എം.എച്ച്.എസ്. യിലെ കായിക അധ്യാപകനെ പിരിച്ചുവിടപ്പെട്ട നടപടി**

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | മറുപടി<br>ശ്രീ.പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | വടകര വിദ്യാഭ്യാസ ജില്ലയിലെ നരിപ്പറ്റ ആർ.എൻ.എം. ഹൈസ്കൂൾ കായികാധ്യാപകൻ ശ്രീ. കെ.പ്രദീപിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് മേധാവികളും പ്രസ്തുത സ്കൂൾ മാനേജരും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും കത്തിടപാടുകളുടേയും പകർപ്പ് ലഭ്യമാക്കുമോ; | ബി) | പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| സി) | ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ പ്രസ്തുത അധ്യാപകൻ എത്ര തുകയാണ് തിരിച്ചടയ്ക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; | സി) | 2,26,167 (രണ്ടു ലക്ഷത്തി ഇരുപത്തി ആറായിരത്തിഒരുന്നൂറ്റി അറുപത്തിയേഴ്) |
| ഡി) | ഈ അധ്യാപകന് ഉപജീവന ബത്ത ഇനത്തിൽ എത്ര തുകയാണ് നൽകേണ്ടിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ; | ഡി) | 11-12-2009 മുതൽ 30-03-2011 വരെയുള്ള ഉപജീവനബത്ത 165,582/- രൂപയാണ്. |
| ഇ) | പിരിച്ചുവിടപ്പെട്ട അധ്യാപകന് പി.എഫ്. ഉൾപ്പെടെയുള്ള മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എത്രയെന്ന് കണക്കാക്കുകയും അവ നൽകുകയും ചെയ്തിട്ടുണ്ടോ; | ഇ) | ശ്രീ. കെ. പ്രദീപന് നൽകുവാനുള്ള ആനുകൂല്യങ്ങൾ താഴെ ചേർക്കുന്നു.<br>പി.എഫ്. - 1,03,127<br>ജി.ഐ.എസ്. - 7,072<br>എസ്സ്.എൽ.ഐ - 6,150 |

| | | | |
|---|---|---|---|
| എഫ്) | ആനുകൂല്യങ്ങൾ കണക്കാക്കി പ്രസ്തുത അധ്യാപകൻ തിരിച്ച് അടക്കേണ്ട തുക എത്രയെന്ന് രേഖാമൂലം അറിയിക്കാതെ ഇദ്ദേഹത്തിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയതിനുള്ള കാരണം വ്യക്തമാക്കുമോ; | എഫ്) ജി) & എച്ച്) | ശ്രീ. കെ.പ്രദീപനെതിരായി റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നിർദ്ദേശം വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ല. |
| ജി) | അർഹതപ്പെട്ട ആനുകൂല്യങ്ങൾ അധ്യാപകന് നൽകാതെ റവന്യൂ റിക്കവറി നടപടികളിലേക്ക് പോയത് ക്രമവിരുദ്ധമാണോ എന്ന് വെളിപ്പെടുത്തുമോ; | | |
| എച്ച്) | എങ്കിൽ റിക്കവറി നടപടികൾ പിൻവലിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**